"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2021-22, 2022-23- കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2848/2025/RD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. 23.11.2021 തീയതിയിലെ സ.ഉ (സാധാ) നം. 4071/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 06.08.2022 തീയതിയിലെ സ.ഉ (സാധാ) നം. 3369/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.12.2024 തീയതിയിലെ LR/4376/2024-LR(M1) നമ്പർ കത്ത്.

**ഉത്തരവ്**

2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഒന്നാം ഘട്ട നിർമ്മാണത്തിനായി പരാമർശം 1 പ്രകാരം ₹72,36,000/- രൂപയുടെ ഭരണാനുമതിയും രണ്ടാംഘട്ട നിർമ്മാണത്തിനായി പരാമർശം 2 പ്രകാരം ₹37,30,000/- രൂപയുടെ ഭരണാനുമതിയും ഉൾപ്പെടെ പ്രസ്തുത പ്രവൃത്തിയ്ക്ക് ആകെ 1,09,66,000/- രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. വർക്ക് ചെയ്തുവരുന്ന സമയത്ത് ക്വാണ്ടിറ്റിയിലും, ഇനത്തിലും മാറ്റം വന്നതിനാലും പുതുക്കിയ GST നിലവിൽ വന്നതിനാലും estimate പുതുക്കി, പുതിയ estimate തുകയായ 1,16,77,034/- രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന് പാലക്കാട് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കണമെന്ന് എസ്റ്റിമേറ്റ് സഹിതം പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 1,16,77,034/- (ഒരു കോടി പതിനാറ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപയുടെ [എഗ്രീഡ് റേറ്റ് പ്രകാരവും 18% ജി.എസ്.ടി

യും (18.07.2022 ന് ശേഷം മാത്രം) കൂടാതെ മുൻ ഭരണാനുമതി തുകയായ 1,09,66,000/- രൂപയുടെ 7% ചാർജ്ജുകളും ഉൾപ്പെടെ] പുതുക്കിയ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

*"1) It 1s not advisable on the part of the District Nirmithi Kendra, Palakkad to submit the revised estimate after completion of the work. Hence, TS authority shall confirm and satisfy themselves that the execution of excess quantity of existing items and extra items were unavoidable and necessary as per the site conditions prevailed at that time.*

*2) TS authority shall ensure the correctness of the rates adopted for observed data provided for the extra items in the revised estimate before the approving the same.*

*3) For items whose quantities have been exceeded by 25% of the agreed quantity, the rates adopted shall be fixed as per G.O (P) No.54/2019/Fin dated 04-05-2019. The payment authority shall ensure that the final bill is prepared as per the approved/ agreed rate and actual site measurements."*

3] പ്രസ്തുത ഇനത്തിൽ വേണ്ടി വരുന്ന തുക 5475-00-800-77-(01) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (o1.11.2025 തീയതിയിലെ Exp-D1/63/2025-Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 20-12-2025 11:30:00
സെക്ഷൻ ഓഫീസർ